## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**ഹാജർ : ഡോ.അമിത് മല്ലിക് ഐ.എഫ്.എസ്.**

**വിഷയം:** വനം - വന്യജീവിവകുപ്പ് - ജീവനക്കാര്യം - സെക്ഷൻ ഫോറസ്റ്റ് ഓഫീസർ മാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസന്റെ സ്ഥാനം പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

**സൂചന**

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.10.2016-ലെ റ്റി.എ-3534/2012 നമ്പർ ഉത്തരവ്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 30.01.2017-ലെ RC(1)524/17/GW നമ്പർ കത്ത്.
3. ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.07.2017-ലെ ഇ3-867/2017 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ7-3537/2017 തീയതി : 14 .02.2018.**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരുവനന്തപുരത്തിന്റെ നിയമന ശുപാർശ പ്രകാരം കോട്ടയം ഹൈറേഞ്ച് സർക്കിളിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ.എ.ജിൽസൺ, ടിയാന്റെ നിയമനത്തിലെ സംവരണം സംബന്ധിച്ച് കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സൂചന (1) പ്രകാരം ഉത്തരവായിട്ടുളളതാണ്. ടി ഉത്തരവിൽ ടിയാന്റെ നിയമന ശുപാർശയിലെ അപാകത പരിഹരിക്കുന്നതിന് സർക്കാരിനോടും പബ്ലിക് സർവ്വീസ് കമ്മീഷനോടും നിർദ്ദേശിച്ചിട്ടുളളതാണ്. ആയതനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശയിൽ ശ്രീ.റോബിൻ മാർട്ടിനും, ശ്രീ.ഷോബിൻ ജോസഫിനും മധ്യത്തിലായി 22.01.2008 തീയതി പ്രാബല്യത്തിൽ ശ്രീ.എ.ജിൽസന് സീനിയോറിറ്റി നൽകുവാൻ കേരള പബ്ലിക്സർവ്വീസ് കമ്മീഷൻ സൂചന 2 പ്രകാരം നിയമനാധികാരിയായ ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ നിർദ്ദേശം അനുസരിച്ച് ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർക്കിൾതല സീനിയോറിറ്റി ലിസ്റ്റിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസന്റെ സ്ഥാനം 22.01.2008 തീയതി പ്രാബല്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.റോബിൻ മാർട്ടിന് മുകളിലായി ക്രമീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ ശ്രീ.റോബിൻ മാർട്ടിന്റെ പേര് 01.07.2009 പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച സെക്ഷൻ ഫോറസ്റ്റ്

ഓഫീസർമാരുടെ സംസ്ഥാനതല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ സൂചന (2)ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷണറുടെ കത്തിൽപരാമർശിക്കുന്ന ശ്രീ.ഷോബിൻ ജോസഫ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ പ്രകാരം നിയമനം സ്വീകരിച്ചിട്ടില്ല.

നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാനതല പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസന്റെ സ്ഥാനം 742 ആണ്. സൂചന 2, 3 എന്നിവ പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസന്റെ സീനിയോറിറ്റി പുനക്രമീകരിക്കേണ്ടതായിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് വിശദമായി പരിശോധിച്ചതിൽ ടി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 685 നമ്പരായ ശ്രീ.സനോജ്.എസ്.ന്റെ താഴെയും 686-ാം നമ്പരായ ശ്രീ.മനോജ്.കെ.ചന്ദ്രന്റെ മുകളിലായും 685A എന്ന് നൽകാവുന്നതാണ് എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01.07.2009 പ്രാബല്യത്തിൽ പ്രസിദ്ധപ്പെടുത്തിയ സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.എ.ജിൽസന്റെ സ്ഥാനം 685 നമ്പരായ ശ്രീ.സനോജ്.എസ്.നും 686 നമ്പരായ ശ്രീ.മനോജ്.കെ.ചന്ദ്രനും മദ്ധ്യേയായി 685.എ ആയി നിശ്ചയിച്ചുകൊണ്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ആയ ഡോ.അമിത് മല്ലിക് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

To,

സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ.ജിൽസന് മൂന്നാർ വർക്കിംഗ്പ്ലാൻ ഓഫീസർ മുഖേന നൽകുന്നു.

പകർപ്പ്:

1 മൂന്നാർ വർക്കിംഗ് പ്ലാൻ ഓഫീസർക്ക് അറിവിനായി നൽകുന്നു
2. ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അറിവിനായി നൽകുന്നു.
3. 01.07.2009 താത്ക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ 686 മുതൽ 741 വരെയുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകുന്നു. ഈ കാര്യത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ ഉത്തരവുകിട്ടി 7 ദിവസത്തിനകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്
4 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വെബ്സൈറ്റിൽ ക്രമീകരിക്കുന്നതിനായി നൽകുന്നു.